പതിനാലാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.263 | 04.06.2018 ൽ മറുപടിക്ക്

## മെഡിക്കൽ മാലിന്യങ്ങൾ

| ചോദ്യം<br>ശ്രീ.എം.ഉമ്മർ | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | മെഡിക്കൽ മാലിന്യങ്ങൾ ശരിയായ രീതിയിൽ സംസ്കരിക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങൾ ഉറപ്പു വരുത്തണമെന്നാണ് നിഷ്കർഷിച്ചിട്ടുള്ളത് ; വ്യക്തമാക്കുമോ ; | (എ) | ആശുപത്രികളിലെ ബയോമെഡിക്കൽ മാലിന്യങ്ങളായ സൂചികൾ, സിറിഞ്ചുകൾ, മരുന്നുകൾ, കോട്ടൺ, കത്തീറ്ററുകൾ തുടങ്ങിയവ വേർതിരിച്ച ശേഷം ഇവ ശേഖരിച്ച് 'ഇമേജ്' സംവിധാനം വഴി സംസ്കരിക്കുന്നു. ചില ആശുപത്രികളിൽ ഇൻസിനറേറ്ററുകൾ, ഷാർപ്പ് പിറ്റ് തുടങ്ങിയ സംവിധാനങ്ങളും നിലവിലുണ്ട്. ഇതെല്ലാം തന്നെ ബയോമെഡിക്കൽ വേസ്റ്റ് മാനേജ്മെന്റ് ചട്ടങ്ങൾ അനുശാസിക്കുന്ന വിധത്തിൽ ആയിരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. |
| (ബി) | മെഡിക്കൽ മാലിന്യങ്ങൾ സംസ്കരിക്കുന്നതിന് ഏതെങ്കിലും സർക്കാർ സംവിധാനങ്ങൾ നിലവിലുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (ബി) | പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെയും സർക്കാരിന്റെയും അംഗീകാരത്തോടെ ഇന്ത്യൻ മെഡിക്കൽ അസോസിയേഷന്റെ ആഭിമുഖ്യത്തിൽ പ്രവർത്തിക്കുന്ന 'ഇമേജ്' എന്ന സ്ഥാപനവുമായി ഒപ്പിട്ട കരാറിന്റെ അടിസ്ഥാനത്തിലാണ് സംസ്ഥാനത്തെ ആശുപത്രികളിൽ നിന്നും പുറംതള്ളുന്ന മെഡിക്കൽ മാലിന്യങ്ങൾ നിർമ്മാർജ്ജനം ചെയ്യുന്നത്. |
| (സി) | മെഡിക്കൽ മാലിന്യങ്ങൾ ശരിയായ രീതിയിൽ സംസ്കരിക്കാത്തതുമൂലമുള്ള ആരോഗ്യ പ്രശ്നങ്ങൾ വർദ്ധിച്ചുവരുന്നത് തടയുന്നതിന് ആവശ്യമായ നിരീക്ഷണ സംവിധാനങ്ങൾ ശക്തിപ്പെടുത്തുമോ ? | (സി) | നിലവിൽ മെഡിക്കൽ മാലിന്യങ്ങൾ ശരിയായ രീതിയിൽ സംസ്കരിക്കുന്നുണ്ടോ എന്ന് വിലയിരുത്തുന്നതിനായി സ്ഥാപന മേധാവികളുടെ നേതൃത്വത്തിൽ കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ